# SENIOR BASIC SCHOOL,OLASSERY



# ACADEMIC MASTER PLAN

# 2025-26

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ സമഗ്രഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമി ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് . നമ്മുടെ വിദ്യാലയവും മികവിന്റെ കേന്ദ്രം ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് സീനിയർ ബേസിക് സ്കൂൾ ഓലശ്ശേരി. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും മികവ് തുടർന്നുവരാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം . അതിന് കരുത്തുപകരൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്.

ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.......

**PTA PRESIDENT** **HEAD MASTER**

## SCHOOL PROFILE

| | |
|---|---|
| Name of school | : Senior basic school , olassery |
| Date of establishment | : 1950 |
| Name of panchayath | : Kodumbu |
| Name of B R C | : Chittur |
| Name district | : Palakkad |
| Name of sub district | : Chittur |
| Name of head master | : Venugopalan H |
| Number of teachers | : 15 |
| School code | : **21361** |
| School email id | : sbsolassery@gmail.com |

## SCHOOL STAFFS

1. **Venugopalan H**
2. **Satheesh R**
3. **Mohanan B**
4. **Biju C V**
5. **Indupriyanka V**
6. **Guruprabha G**
7. **Smitha K**
8. **Saranya D**
9. **Soumya M V**
10. **Sajeevkumar V**
11. **Saranya P**
12. **Jithin R**
13. **Sujina R**
14. **Manjusha P Nair**
15. **Midhuna M**
16. **Viswaprasad (O.A)**

# സ്കൂൾ ചരിത്രം

പാലക്കാട് ജില്ലയിലെ കൊടുമ്പ് പഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ വിദ്യാലയം സ്ഥിതി ചെയ്യുന്നു.ചിറ്റൂർ ഉപജില്ലയിൽ ഉൾപ്പെട്ട ഈ വിദ്യാലയം പാലക്കാട് ടൗണിൽ നിന്നും 8 കിലോമീറ്റർ അകലെയായി സ്ഥിതിചെയ്യുന്നു. ഗ്രാമീണതയുടെ നിറപ്പകിട്ടുകളും കലയും സംസ്കാരവും നിറമണിഞ്ഞു നിൽക്കുന്ന ചരിത്ര സ്മാരകങ്ങളും വ്യക്തി മുദ്രകളും അവകാശപ്പെടാനുള്ള ഓലശ്ശേരി ഗ്രാമത്തിൻറെ ഹൃദയഭാഗത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

എത്രയോ തലമുറകളെ വാർത്തെടുത്തു വരുന്ന ഈ വിദ്യാലയ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടമാവാം ........ 1950-ൽ ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായാണ് വിദ്യാലയം ആദ്യാക്ഷരങ്ങൾക്ക് ഹരിശ്രീ കുറിക്കുന്നത്. പാഠ്യ വിഷയങ്ങളോടൊപ്പം നൂൽനൂൽപ്പും പായ നെയ്ത്തുമായിരുന്നു ആദ്യ കാലത്തെ തെരഞ്ഞെടുത്ത തൊഴിൽ പരിശീലനങ്ങൾ.

ആ കാലഘട്ടത്തിൽ തന്നെ വിദ്യാഭ്യാസത്തിന്റെയും തൊഴിൽ പരിശീലനത്തിന്റെയും പ്രാധാന്യം തിരിച്ചറിഞ്ഞ് , അക്കാലത്തെ പ്രമുഖരായ നാട്ടുകാരുടെ കൂട്ടായ്മയിൽ വിദ്യാലയ സ്ഥാപനത്തിനാവശ്യമായ സ്ഥലം സ്വരൂപിച്ചു. തുടർന്നും നല്ലവരായ നാട്ടുകാരുടേയും പെരുവെമ്പ് സഹകരണ ബാങ്കിന്റേയും സംയുക്ത സഹകരണത്തോടെ, നാലംഗ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈ സരസ്വതി ക്ഷേത്രം 2-06-1950 ൽ പ്രവർത്തനമാരംഭിച്ചു. .സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നാണ് നമ്മുടെ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. അതുകൊണ്ടുതന്നെ ചരിത്രപ്രാധാന്യമുള്ള നിരവധി സവിശേഷതകൾ ഇന്നും ഈ വിദ്യാലയം പിന്തുടർന്നു വരുന്നു.തുടക്കത്തിൽ ജൂനിയർ ബേസിക് സ്കൂൾ ആയാണ് ഈ വിദ്യാലയം തുടങ്ങിയത്

പി. വിശ്വനാഥൻ നായർ, കണ്ടുണ്ണി, നാരായണ അയ്യർ, കെ.പി. വേലായുധ മുതലിയാർ എന്നിവരായിരുന്നു ഇതിലെ അംഗങ്ങൾ.U .P പരമേശ്വരനായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. ഓട്ടു പുരയായിരുന്നു കെട്ടിടം, ഓലശ്ശേരിയിലെ പോസ്റ്റോഫീസും ആ കാലത്ത് പ്രവർത്തിച്ചിരുന്നത് സ്കൂൾ കെട്ടിടത്തിലായിരുന്നു. പഴനിയപ്പ മുതലിയാരാണ് സ്കൂൾ പ്രവേശനം നേടിയ ആദ്യ വിദ്യാർത്ഥി. ആ കാലങ്ങളിൽ ചാണകം മെഴുകിയ നിലവും മണലിലെഴുത്ത് സമ്പ്രദായവുമായിരുന്നു ഉണ്ടായിരുന്നത്. പാലയങ്കാട് , തസ്രാക്ക്, നെല്ലിക്കുന്നം,തിരുവാലത്തൂർ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏക ആശ്രയമായിരുന്നു ഈ പ്രൈമറി വിദ്യാലയം. അതുകൊണ്ടു തന്നെ തോടും പുഴയും കടന്ന് വളരെ ദൂരം നടന്നാണ് വിദ്യാർത്ഥികൾ സ്കൂളിൽ എത്തിയിരുന്നത്. വർഷകാലങ്ങളിൽ കുട്ടികൾക്കൊപ്പം അധ്യാപകരും പുഴ കടന്ന് എത്തിയിരുന്നു. പലപ്പോഴും പുഴ കടന്നുവരാൻ പറ്റാത്ത സാഹചര്യങ്ങളിൽ പരീക്ഷകൾ ,ആ സ്ഥലത്തെ കുട്ടികളെ ഒരുമിച്ചിരുത്തി അധ്യാപകരുടെ നേതൃത്വത്തിൽ നടത്തിയ ചരിത്രവുമുണ്ട്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉച്ച ഭക്ഷണ പൊതികളുമായി വരുന്ന ആളുകളും ആദ്യ കാലങ്ങളിൽ ഉണ്ടായിരുന്നു.

വിദ്യാലയ പുരോഗതിക്കായി ഓരോ കാലഘട്ടത്തിലും ട്രസ്റ്റിന്റേയും ഗ്രാമവാസികളുടേയും അകമഴിഞ്ഞ സേവനം, സ്ഥലമായും ,കെട്ടിട സാമഗ്രികളായും, ഫർണിച്ചറുകളായും വിദ്യാലയത്തിനു ലഭിച്ചിരുന്നു. 1968-ൽ വിദ്യാലയത്തിൽ UP തലം നിലവിൽ വന്നു. അറബി , ഉറുദു, സംസ്കൃതം എന്നീ ഭാഷകൾ ഐച്ഛിക വിഷയങ്ങളായി തെരഞ്ഞെടുക്കാനും, വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അധ്യാപക നിയമനങ്ങളും നടത്തി വന്നു.

കാലോചിതമായ മാറ്റങ്ങൾ ആർജിച്ചു കൊണ്ട് പുരോഗതിയുടെ പടവുകൾ കയറാൻ എന്നും കരുത്തുറ്റൊരു അധ്യാപക സമൂഹം കൂട്ടായി പ്രവർത്തിച്ചു വരുന്നു. 2001 മുതൽ ഈ വിദ്യാലയത്തിൽ പ്രവർത്തനമാരംഭിച്ച പ്രീ- പ്രൈമറി ക്ലാസുകൾ ഇവയ്ക്ക് ഉത്തമ ഉദാഹരണമാണ്. ഉന്നത വിദ്യാഭ്യാസവും സാമൂഹിക പ്രതിബദ്ധതയുമുള്ള എത്രയോ പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ അഭിമാന താരങ്ങളായി ഇന്നും തിളങ്ങുന്നു.

ചരിത്ര വഴികൾ എത്രയോ പിന്നിട്ട് ഈ കാലഘട്ടത്തിൽ എത്തി നിൽക്കുമ്പോഴും അധ്യാപകരും ഓലശ്ശേരി ഗ്രാമ നിവാസികളും മറ്റ് പ്രാദേശിക സഹകരണ സംഘങ്ങളും വിദ്യാലയത്തിന് ഇന്നും വലിയൊരു ഊർജ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. നിലവിൽ പ്രീ-പ്രൈമറി തലം മുതൽ 7-ാം തരം വരെയുള്ള ഇംഗ്ലീഷ് - മലയാള മീഡിയം ക്ലാസുകളാണ് വിദ്യാലയത്തിലുള്ളത്.

നമ്മുടെ വിദ്യാലയത്തിന്റെ 75ാം വാർഷികം 2025 ജൂണിൽ തുടങ്ങി വിവിധ അക്കാദമിക പ്രവർത്തനങ്ങൾ,നാടക ക്യാമ്പുകൾ, ചിത്രരചന ക്യാമ്പുകൾ,പഠന ക്യാമ്പുകൾ, ക്ഷേത്ര കലയുടെ അവതരണം,വിദ്യാഭ്യാസ സ്വഭാവരൂപീകരണം, സാമൂഹിക സേവനം .......

എന്നിങ്ങനെവിവിധ കലാസാംസ്കാരിക പരിപാടികളിലൂടെ ഏപ്രിൽ 6 7 8 തീയതികളിൽ ആയി അവസാനിച്ചു. ഏഴര പതിറ്റാണ്ടിന്റെ മഹത്തായ യാത്രയായി ഈ ചരിത്ര സംഭവം അടയാളപ്പെടുത്തുന്നു.

ആധുനിക സാങ്കേതികവിദ്യകളുടെ (smart class, ഐ.ടി. ലാബ്, ശാസ്ത്ര ലാബ്, ലൈബ്രറി ......etc) ഉപയോഗം, ഭൗതിക സാഹചര്യങ്ങളിലുണ്ടായ മാറ്റങ്ങൾ , പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവുകൾ, സമൂഹ - സമ്പർക്ക പ്രവർത്തനങ്ങൾ ....... തുടങ്ങിയവയെല്ലാം മറ്റ് വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും നമ്മുടെ വിദ്യാലയാങ്കണത്തിലേക്ക് ആകർഷിക്കുന്ന ചില സുപ്രധാന ഘടകങ്ങളാണ്. തുടർന്നും കർമ്മനിരതരായി..... സമൂഹനന്മയ്ക്കായി....... നല്ല തലമുറയ്ക്കായി നമുക്ക് ഒത്തൊരുമിക്കാം........

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | എണ്ണം |
|---|---|
| ക്ലാസ് മുറി | 23 |
| ആൺകുട്ടികളുടെ ടോയ്ലറ്റ് | 7 |
| പെൺകുട്ടികളുടെ ടോയ്ലറ്റ് | 7 |
| കിണർ ബോർവെൽ | 1 |
| ലൈബ്രറി | 1 |
| ചുറ്റുമതിൽ | പൂർണ്ണമായും |
| കളിസ്ഥലം | വിശാലമായത് |
| റാംപ്കളുടെ എണ്ണം | 5 |
| അടുക്കള | 1 |
| സ്മാർട്ട് ക്ലാസ്സ് റൂം | 1 |
| എൽഇഡി ടിവി ഉള്ള ക്ലാസ്സ് റൂം | 1 |
| സ്കൂൾ ബസ് | 1 |
| സ്റ്റേജ് | 1 |

| | |
|---|---|
| ലാപ് ടോപ്പ് ,പ്രോജക്ടർ | 7,3 |
| Green board | 15 |

**ഭിന്നശേഷിയുള്ള കുട്ടികളുടെ വിവരങ്ങൾ**

| Name of pupil | class |
|---|---|
| 1. Sharmadha | 7 |
| 2. Muhammed safwan R | 7 |

**പൊതു ലക്ഷ്യങ്ങൾ**

- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക .
- ഓരോ ക്ലാസിലെയും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടികൾക്ക് ലഭ്യ മായെന്ന് ഉറപ്പ് വരുത്തുക .
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക .
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും, ഭൗതിക സാഹചര്യങ്ങളും, അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും .
- ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുക .
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും, പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നിപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ ,പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
- ശുചിത്വം മാലിന്യ സംസ്കരണം എന്നിവയെ കുറിച്ച് ബോധവാന്മാരാക്കുക.
- വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടാക്കുന്നു.

- വ്യക്തി ശുചിത്വം ,പരിസര ശുചിത്വം ,വിദ്യാലയ ശുചിത്വം എന്നീ വിഷയങ്ങളിൽ ഊന്നൽ നൽകുന്നു.
- കുട്ടികളിൽ ഉണ്ടാവേണ്ട ശാരീരിക മാനസികമായ പൊതുവായ ആരോഗ്യത്തെക്കുറിച്ച് അവബോധം സ്ൃഷ്ടിക്കും.
- പൊതുമുതൽ സംരക്ഷണവും അതിൻറെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.
- പരസ്പര സഹകരണത്തിന്റെ ആവശ്യകത മനസ്സിലാക്കുക.
- ഡിജിറ്റൽ ഉപകരണങ്ങളുടെയും, സാമൂഹിക മാധ്യമ ഉപകരണങ്ങളുടെയും ശരിയായ ഉപയോഗം മനസ്സിലാക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പാക്കുക.
- വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.

**പ്രശ്നങ്ങൾ ,വെല്ലുവിളികൾ**

**അക്കാദമികം**

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടമുറപ്പാക്കാൻ സാധിക്കുന്നില്ല.
- കുടുംബാന്തരീക്ഷം പഠന പ്രവർത്തനങ്ങൾക്ക് അനുകൂലമല്ല.
- ചെറിയ ശതമാനം കുട്ടികളിൽ ഭാഷ ,ഗണിതം ,ശാസ്ത്രം എന്നീ വിഷയങ്ങളിൽ ശേഷികൾ ആർജിക്കുവാൻ പ്രയാസം അനുഭവിക്കുന്നു.
- കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ്.

**ഭൗതികം**

- ലൈബ്രറിയിലെ പുസ്തക ശേഖരം വിപുലമാണെങ്കിലും ഇരുന്ന് വായിക്കുന്നതിനുള്ള വായനാന്തരീക്ഷത്തിന്റെ അഭാവം.
- കായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ കയിക അധ്യാപകരുടെ സേവനം ഇപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
- ഐഇഡിസി കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ലാപ്ടോപ്പുകളുടെ അഭാവം.

**സാമൂഹികം**

- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം കുറവാണ്.
- വിദ്യാലയ വികസന യോഗങ്ങളിൽ സാമൂഹിക പങ്കാളിത്തത്തിന്റെ കുറവ്.

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

### മേഖല- മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | • പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു.<br>• ലഘു വിവരണങ്ങളും പ്രദർശിപ്പിക്കുന്നു<br>• എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു<br>• " പിറന്നാൾ പുസ്തകം" പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | സ്കൂൾ ലൈബ്രറി | 1000 |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | • വായന കൂട്ടം ,ക്ലാസ് തല കൈയെഴുത്തു മാഗസിൻ, എന്റെ വായനാക്കുറിപ്പുകൾ, രചന ഉ പ്രകടന വേദികൾ<br>• റീചാർജ് യുവർ റീഡിങ് പ്രവർത്തനം<br>• വാട്സ്ആപ്പ് കൂട്ടായ്മയിലൂടെ വർക്ക് ഷീറ്റുകൾ നൽകൽ<br>• ചുമർചിത്രം | ജൂൺ മുതൽ നവംബർ വരെ | കമ്മിറ്റി ക്ലാസ് ടീച്ചർ | |
| ആശയവിനിമയശേഷി കൈവരിക്കൽ. | • ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറിയിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | | | |
| ഭാഷാപരമായ ശേഷി, സാഹിത്യം പരിഹരിക്കാൻ | • പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം<br>• preടെസ്റ്റ് നടത്തി അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• റീഡിങ് ടെസ്റ്റ് .<br>• അധികസമയം കണ്ടെത്തി അക്ഷര ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ നവംബർ വരെ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുന്നു | • പത്രവായന .<br>• ക്ലാസ് തല സർഗ്ഗ വേദി<br>• അസംബ്ലിയിൽ കൃതി പരിചയം, ജീവചരിത്രം ,കവിതാലാപനം | ഓഗസ്റ്റ് | വിദ്യാരം | 2000 |

| | | | | |
|---|---|---|---|---|
| ആശയ അവതരണത്തിനു ള്ള ശേഷി കൈവരി ക്കാൻ. | തുടങ്ങിയ വ്യവഹാര രൂപങ്ങൾ അവതരണം<br> ഫീൽഡ് ട്രിപ്പ് ,ദിനാചരണങ്ങൾ, ക്വിസ്, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br> പ്രാദേശികവും അല്ലാത്തതുമായ കാരന്മാരെ ഉൾക്കൊള്ളിച്ച് ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br> ഒന്ന് രണ്ട് ക്ലാസുകളിൽ സചിത്ര പാഠപുസ്തകങ്ങൾ രൂപീകരിക്കുന്നു<br> ശില്പശാലകൾ പഠനോപകരണ സാമഗ്രികൾ നിർമ്മാണം | | ഗം<br>ക്ലാസ് ടീച്ചർ | |

<u>**മേഖല - പരിസരപഠനം**</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം താൽപര്യം വളർത്തുക. ശാസ്ത്ര അവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക .<br>ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതി ലെ കുറവ് പരിഹരിക്കുക.<br>ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുക. | പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br> സ്കൂളിലെ ലാബ്ശാക്തീകരണം<br> വിഭവ ശേഖരണം<br> ശാസ്ത്ര കോർണർ ശാസ്ത്ര ലൈബ്രറി<br> ശാസ്ത്ര കിറ്റ്<br> ഡിജിറ്റൽ ലൈവ് ക്ലാസുകൾ<br> ഐസിടി വിഭവങ്ങൾ തയ്യാറാക്കാൻ | എല്ലാവർഷവും<br>എല്ലാവർഷവും | സയൻസ് ക്ലബ്<br>സയൻസ് ക്ലബ് | 2000 |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം ഉയർത്തുക.<br><br>ശാസ്ത്രത്തി പ്രക്രിയ ശേഷികൾ മുഴുവൻ കുട്ടികൾക്കും നിശ്ചിത സമയ ത്തിൽ എത്തിക്കുക . |  സ്കൂൾ ശാസ്ത്ര ലൈബ്രറി<br> വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ<br> പരീക്ഷണ കളരികൾ<br> ശാസ്ത്ര നാടകങ്ങൾ<br><br> ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ<br> പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉള്ള ചിത്രങ്ങൾ വരയ്ക്കാൻ<br><br> നിരന്തര മൂല്യം നിർണയം<br> ഉപകരണം നിർമ്മാണ ശില്പശാല | ജൂൺ മുതൽ<br><br>നവംബർ<br><br>ജനുവരി | സയൻസ് അധ്യാപകർ<br><br>പിടിയെ സയൻസ് ക്ലബ്<br>സയൻസ് അധ്യാപകർ | |

**മേഖല -ഗണിതം**

| | | | | |
|---|---|---|---|---|
| പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളുടെയും അർഹരാക്കുക.<br><br>ഗണിത പഠനം രസകരവും ആകർഷകവും ആക്കുന്നതിനും അടിസ്ഥാന ആശയങ്ങൾ |  എല്ലാ ക്ലാസ്സ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ഉൾപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ.<br><br> ഗണിത ക്ലബ്ബ്<br> ഗണിത ലാബ്<br> ഗണിത മൂല ക്രമീകരിക്കൽ<br> അബാക്കസ് ക്ലാസുകൾ<br> ഗണിത മാഗസിൻ | ഓരോ ടൈമിന്റെയും തുടക്കത്തിൽ<br><br>ജൂൺ മുതൽ<br><br>നവംബർ | എസ് എസ് ജി<br><br>പിടിഎ ക്ലാസ് | 3000<br><br>4000 |

| | | | | |
|---|---|---|---|---|
| എത്തിക്കുന്നതിനും. | • മാന്ത്രിക ചതുരങ്ങളുടെ നിർമിതി<br>• ഗണിത വിദഗ്ധരെ കൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുന്നു. | | ടീച്ചർ | |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്താനും. | • ഗണിതശാസ്ത്രമേള<br>• ചോദ്യോത്തര പെട്ടി<br>• ചുമർപത്രിക<br>• ക്വിസ് ,പസ്സിൽ .ക്യാമ്പ് .ഗെയിം കോർണർ | നവംബർ | എസ് എസ് ജി | |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നതെന്ന് ഉറപ്പാക്കാൻ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ<br>ക്യാമ്പുകൾ, ശിൽപ്പശാലകൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**<u>മേഖല-ഇംഗ്ലീഷ്</u>**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • Reading card workshop | ഓരോ മാസവും | English teachers | |
| Defective pronunciation skill | • Language lab<br>• Recharge your reading<br>• Reading test<br>• Formation of English club | June | English teachers | |

| | | | | |
|---|---|---|---|---|
| Addressing slow pace learners | • ICT facilities<br>• Special coaching classes for slow pace learners<br>• readers theatre<br>• TM AND TLM addressing the slow pace leaners | jume to november | english club | |
| Support to gifted children | • Special coaching classes using language experts<br>• introducing English library<br>• classes on creative writing | november | english club | |
| Defective sentence pattern | • making sentence card<br>• writing blog<br>• correct sentence structure with ICT facility | june | english teachers | |
| Legible handwriting | • peer group learning<br>• English diary<br>• writing with ICT facility | from june | | |
| Insufficient vocabulary | • Word games<br>• spelling contest<br>• making crossword puzzles<br>• words study using computers | | | |
| To encourage Listening & Speaking.<br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary. | • Interactive storytelling sessions<br>• discussing themes, characters and plots to enhance istening skills. | from june | | |

| | | | | |
|---|---|---|---|---|
| Enhance listening skills.<br><br>To encourage Reading<br>Develop basic reading, writing, listening, and speaking skills.<br>Cultivate effective communication skills for various contexts. | - Group discussions and role-plays to improve speaking skills.<br>- Vocabulary games and exercises to build word knowledge.<br><br>- Interactive Reading Circles:<br>- Divide students into small groups and provide them with age-appropriate texts,such as short stories or excerpts from novels. | from june | | |

**മേഖല-സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരിക മായ അതിന്റെ തനിമ നിലനിർത്തുന്നതിന്. | - നാടിൻറെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയുംശില്പശാലകൾ നടത്തുകയും ചെയ്യുക. | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായം ആകുന്ന സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്ന തിന് . | - പോസ്റ്റ് ഓഫീസ്, പഞ്ചായത്ത് ,വില്ലേജ് പോലീസ് സ്റ്റേഷൻ മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |
| പൗരധർമ്മം മനസ്സിലാക്കുക സാമൂഹികശാസ്ത്ര അറിവുകളെ | സ്കൂൾ പാർലമെൻറ് രൂപീകരണം<br>വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുക | ജൂൺ | ചരിത്ര അധ്യാപക | |

| | | | | |
|---|---|---|---|---|
| അപ്ഡേറ്റ് ചെയ്യൽ.<br><br>ചരിത്രപ്രധാന ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുള്ള ധാരണ<br><br>സാമൂഹിക സേവനം മനസ്സിലാക്കാൻ<br><br>പഴയകാല ഉപകരണങ്ങളെ കുറിച്ച് ധാരണ.<br><br>പ്രാദേശിക വിഭവസ്രോത സ്സുകൾ ഉപയോഗപ്പെടുത്തൽ. | - ദിനാചരണം സംഘടിപ്പിക്കുക<br>- അഭിമുഖം<br>- സോഷ്യൽ സയൻസ് ക്ലബ് വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക.<br>- പൈസ ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക.<br>- മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>- വീട്ടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ ശേഖരിക്കുക<br>- സ്കൂളിൽ മ്യൂസിയം | മുതൽ<br><br>ജൂൺ മുതൽ<br><br>ജനുവരി | ർ<br><br>സാമൂഹിക ശാസ്ത്രക്ലബ്<br><br>സാമൂഹിക പ്രവർത്തകർ<br><br>ചരിത്ര അധ്യാപകർ | |

**മേഖല-ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും അടിസ്ഥാനശേഷി എഴുത്ത് മെച്ചപ്പെടുത്താൻ.<br><br>ഹിന്ദി ഭാഷയുടെ താല്പര്യം ജനിപ്പിക്കുക നിത്യജീവിതത്തിൽ പ്രയോജനം ഉണ്ട് എന്ന ധാരണ ഉണ്ടാക്കുക . | - വായന കാർഡ് നിർമ്മാണം<br>- ഹിന്ദി സാഹിത്യകാരന്മാരുടെ പേര് , ചിത്രം ആൽബത്തിൽ എഴുതുക.<br>- പദ നിർമ്മാണം<br>- അക്ഷരക്കളി<br>- കാർട്ടൂൺ കഥകൾ ,സിനിമ പ്രദർശനം<br>- വായന മത്സരം<br>- ഐസിടി വിഭവ ശേഖരണം<br>- ഹിന്ദി ഫെസ്റ്റ് ,ഹിന്ദി ക്യാമ്പ് | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | 2000 |

**മേഖല-വിവരസാങ്കേതികവിദ്യ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് പഠനം എളുപ്പവും രസകരവും ആക്കുക.<br><br>സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കുക.<br><br>ആവശ്യമായ ഐസിടി സാധ്യതകൾ കുട്ടികൾക്കും അധ്യാപകരിലും എത്തിക്കുക.<br><br>പഠനവിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്. | • കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനായി കുട്ടി ബ്ലോഗ് ആരംഭിക്കുന്നു.<br><br>• ഓരോ ക്ലാസിലും whatsapp ഗ്രൂപ്പുകൾ ആരംഭിക്കുക.<br>• ഓരോ ആഴ്ചയിലും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വീഡിയോകൾ തയ്യാറാക്കുക.<br><br>• ഐടി,ഐസിടി പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ<br><br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും<br><br>ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br><br>ഐ. ടി ചുമതലയുള്ള അധ്യാപകർ | 2000 |

**മേഖല-പ്രവർത്തിപരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക. ഇതര വിഷയവുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക. | • പ്രവർത്തിപരിചയിനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ<br>• ചന്ദനത്തിരി ,പാഴ് വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ, പേപ്പർ പേന നിർമ്മാണം | രണ്ടാം പാദം | അധ്യാപകർ<br><br>അധ്യാപകർ | 2000<br><br>2000 |

| | | | | |
|---|---|---|---|---|
| |  തുടർച്ചയായ പരിശീലനം കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക. | | | |

**മേഖല -വിവിധ ക്ലബ്ബുകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **വിവിധ വിഷയ ത്തിലെ പഠന വിഭ വങ്ങൾ ,ശേഷികൾ എന്നിവ കൂടുതൽമെച്ചപ്പെടുത്തുന്നതിന്**<br>**ഓരോ കുട്ടിയും മികച്ചത് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ ഒരുക്കുക.**<br><br>**സ്കൂളിൽ മനോഹരമായ അടുക്കളത്തോട്ടം**<br><br>**എല്ലാ കുട്ടികൾക്കും ശുദ്ധമായ കുടിവെള്ളം കിട്ടുന്നതിന്.**<br><br>**പോഷകാഹാരം കുറവ് പരിഹരിക്കുന്നതിന് .**<br><br>**വിവിധ സ്കോളർഷിപ്പ് പരിശീലനം .**<br>(LSS, USS) |  ലൈബ്രറി ,വിദ്യാരംഗം,ശാസ്ത്രരംഗം ,കാർഷിക ക്ലബ്ബ്, നല്ല പാഠം പ്രവർത്തനം<br> ഐടി ക്ലബ്ബ്<br> ഹെൽത്ത് ക്ലബ്ബ്<br><br> ആലാപനം,നൃത്തം, ചിത്രരചന മത്സരങ്ങൾ<br><br> സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക.<br> ഔഷധത്തോട്ടം<br> ശലഭോദ്യാനം<br> ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ.<br><br> സ്കൂളിൽ എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന തരത്തിൽ ഫിൽട്ടർ ടാങ്ക് സ്ഥാപിക്കുന്നു.<br><br> എല്ലാ ആഴ്ചയിലും ഹെൽത്ത് | ജൂൺ മുതൽ വർഷാവസാനം വരെ<br><br>ഓഗസ്റ്റ് മുതൽ<br><br>ജൂലൈ മുതൽ<br><br>എല്ലായിപ്പോഴും | SRG<br><br>HM<br>SRG<br>PTA<br><br>കാർഷിക ക്ലബ് | 5000 |

| | | | | |
|---|---|---|---|---|
| **പഠനവിടവ് പരിഹാര പ്രവർത്തനങ്ങൾ (LSRW)**<br>**പഠന പിന്നോക്ക അവസ്ഥ അനുഭവപ്പെടുന്ന കുട്ടികളെയും അവരുടെ കഴിവുകളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പിന്നോക്ക അവസ്ഥ പരിഹരിക്കുക യും ചെയ്യുക**<br><br>**(അടിസ്ഥാനശേ ഷികൾ )**<br>**രണ്ടു മുതൽ നാലു വരെ ക്ലാസിലെ കുട്ടികൾക്ക് ശേഷി വികസനം.** | ക്ലബ്ബിൻറെ അഭിമുഖ്യത്തിൽ വിറ്റാമിൻ ടാബ്ലറ്റുകൾ നൽകുന്നു<br>• ഫുഡ് ഫെസ്റ്റ്<br>• ബോധവൽക്കരണ ക്ലാസുകൾ<br>• മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി വിഷയാ ടിസ്ഥാനത്തിൽ പരിശീലനം നൽകുന്നു.<br><br>• അക്ഷര ക്ലാസുകൾ<br>• അക്ഷര പുസ്തകം<br>• എല്ലാ മാസവും വിലയിരുത്തി പിന്തുടർന്ന് പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.<br>• വായന കാർഡുകൾ നൽകുന്നു<br>• ഭാഷണത്തിന് അവസരം<br>• വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.<br>• കുട്ടിയെ അറിയാൻ<br>• **എന്റെ കുട്ടി** | ജൂൺ മുതൽ<br><br>ഓഗസ്റ്റ് മുതൽ<br><br>ജൂലൈ മുതൽ വർഷ അവസാനം വരെ | മാനേജ്മെന്റ്<br><br>ഹെൽത്ത് ക്ലബ്<br><br>അധ്യാപകർ<br><br>ക്ലാസ് ടീച്ചർ | |

**മേഖല -സർഗവേദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക .<br><br>ഓരോ കുട്ടിയുടെയും സവിശേഷമായി കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.<br><br>പ്രാദേശികമായ കലാകാരന്മാരുടെ സേവനം ലഭ്യമാക്കുക. | • ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗ വേദി നടത്തൽ<br>• കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെക്കൽ<br>• സ്കൂൾ കലോത്സവം രൂപീകരിക്കുക<br>• ചെണ്ടമേള, വയലിൻ , സംഗീതം, നൃത്ത ക്ലാസുകൾ<br>• അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം പരിശീലനവും നൽകുന്നു | ഓഗസ്റ്റ് മുതൽ | അധ്യാപകർ | 3000 |

**മേഖല -ആരോഗ്യ കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.<br><br>ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | • ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്<br>• ഹെൽ ചെക്ക് അപ്പ്<br>• പ്രാദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>• ആരോഗ്യ ക്ലബ്ബുകൾ<br>• ഐസിടി ക്ലാസുകൾ<br>• രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | ഓഗസ്റ്റ് മുതൽ | HM<br>SRG<br>PTA | 3000 |

**മേഖല -ഭിന്നശേഷി നിലവാരക്കാർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ.<br><br>കുട്ടികളുടെ പ്രശ്നങ്ങൾക്ക് അനുസൃതമായി രക്ഷിതാക്കൾക്ക് പരിശീലനം.<br><br>പാഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാക്കുന്നതിന് ഉതകുന്ന പ്രവർത്തനം | - ഓരോ വർഷവും ആദ്യ മാസത്തിൽ റിസോഴ്സ് അധ്യാപകരെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുക.<br><br>- മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.<br><br>- ഇത്തരക്കാർക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.<br>- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രോത്സാഹനം നൽകുക . | ജൂൺ മുതൽ | IEDC | 2000 |